പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *13 | 04.06.2018 ൽ മറുപടിയ്ക്ക് |
|---|---|

## സ്ത്രീശാക്തീകരണത്തിനായി നടപ്പിലാക്കിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എൻ. വിജയൻ പിള്ള**<br>**ശ്രീമതി യു. പ്രതിഭ ഹരി**<br>**ശ്രീ.യു.ആർ.പ്രദീപ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്ത്രീകളുടെ സുരക്ഷയ്ക്കും ശാക്തീകരണത്തിനുമായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്ത്രീകൾക്കും കുട്ടികൾക്കുമായി വനിത ശിശു വികസന വകുപ്പ് എന്ന പുതിയ വകുപ്പ് രൂപീകരിച്ചു, പ്രസ്തുത വകുപ്പ മുഖേന താഴെ കൊടുത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>**അഭയകിരണം** - നിരാലംബരായ വിധവകളെ സംരക്ഷിക്കുന്ന കുടുംബത്തിലെ ഒരംഗത്തിന് നിബന്ധനകൾക്ക് വിധേയമായി 1000/- രൂപ പ്രതിമാസം ധനസഹായം നൽകുന്നു.<br><br>**കൈത്താങ്ങ് പദ്ധതി** - സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ ഉണ്ടാകാതിരിക്കാനുള്ള പ്രതിരോധ നടപടികളുടെ ഭാഗമായി കുടുംബശ്രീ, ആശാവർക്കേഴ്സ്, പ്രേരക്മാർ,മഹിള പ്രധാൻ ഏജന്റ്സ്, ജനമൈത്രി പോലീസ്, യുവജന ക്ലബുകൾ, റസിഡൻസ് അസോസിയേഷൻ എന്നിവരെ ഉൾപ്പെടുത്തി കൈത്താങ്ങ് എന്നൊരു കർമ്മസേന രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു.<br><br>**വൺ ഡേ ഹോം** - വിവിധ ആവശ്യങ്ങൾക്കായി തലസ്ഥാനത്ത് തനിച്ച് എത്തിച്ചേരുന്ന സ്ത്രീകൾക്കുള്ള സുരക്ഷിത താമസ സൗകര്യം ഒരുക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ പൈലറ്റടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

**സധൈര്യം മുന്നോട്ട്**

സ്ത്രീ ശാക്തീകരണത്തിനും നിയമാവബോധം വളർത്തുന്നതിനുമായി സധൈര്യം മുന്നോട്ട് എന്ന പേരിൽ വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

**നിർഭയസെൽ**

നിർഭയസെൽ മുഖേന ഷെൽട്ടർ ഹോം ഇല്ലാത്ത കണ്ണൂർ, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിൽ ഷെൽട്ടർ ഹോം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും കൊല്ലം ജില്ലയിൽ പുതിയ ഷെൽട്ടർ ഹോം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, കണ്ണൂർ, തൃശ്ശൂർ, മലപ്പുറം എന്നീ നാല് ജില്ലകളിൽ വൺ സ്റ്റോപ്പ് സെന്റർ ആരംഭിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ ചെറുക്കുന്നതിനായി ബോധവൽക്കരണം നടത്തുന്നതിനു വേണ്ടി പരിശീലകർക്കുള്ള പരിപാടിയും ഹാന്റ്ബുക്കും തയ്യാറാക്കി വരുന്നു. പൊതുയിടങ്ങളിൽ സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിനായി റേഡിയോ, റയിൽവേസ്റ്റേഷൻ, കെഎസ്ആർടിസി ബസ്സ്സ്റ്റാന്റ് വഴി പരസ്യ പ്രചരണം നൽകിയിട്ടുണ്ട്.

**വനിതാ കമ്മീഷൻ**

2018-19 സാമ്പത്തിക വർഷം മുതൽ കേരള വനിതാ കമ്മീഷൻ വയനാട്ടിലെ അവിവാഹിതരായ ആദിവാസി അമ്മമാർക്ക് സൗജന്യ ഡി.എൻ.എ ടെസ്റ്റും അവരുടെ കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുവാൻ ഉതകുന്ന രീതിയിൽ സൗജന്യ നിയമ സഹായവും നൽകുന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. മലബാർ മേഖലയിലുള്ള സ്ത്രീകളുടെ പ്രശ്ന പരിഹാരത്തിനായി കോഴിക്കോട് ജില്ലയിൽ വനിതാ കമ്മീഷന്റെ ഒരു മേഖലാ ഓഫീസ് തുടങ്ങുവാനുള്ള

| | |
|---|---|
| | നടപടിക്രമങ്ങൾ നടത്തി വരുന്നു. കൂടാതെ തുടർന്നു വരുന്ന പദ്ധതികളായ സ്റ്റേറ്റ് പ്ലാൻ സ്കീം, ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം എന്നിവയുടെ ഭാഗമായി അദാലത്തുകൾ, ഫാമിലി കൗൺസിലിംഗ്, ജാഗ്രതാ സമിതി പരിശീലനം, ഗവേഷണ പഠനങ്ങൾ, ശില്പശാല/സെമിനാറുകൾ ഓഡിയോ, വീഡിയോ, പ്രിന്റ് മീഡിയ വഴിയുള്ള ബോധവൽക്കരണം,കലാലയ ജ്യോതി എന്നീ പദ്ധതികൾ കേരള വനിതാ കമ്മീഷൻ മുഖാന്തിരം നടപ്പിലാക്കി വരുന്നു.<br><br>**<u>കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ</u>**<br><br>സ്ത്രീകളുടെ സുരക്ഷയും ശാക്തീകരണത്തിനുമായി വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>➢ മിത്ര 181(24x7) ടോൾ ഫ്രീ വിമൻ ഹെൽപ്പ് ലൈൻ പദ്ധതി<br>➢ വനമിത്ര- കോഴിക്കോട് പേരാമ്പ്രയിൽ ആദിവാസി വനിതകൾക്ക് സമഗ്ര വികസന പദ്ധതി<br>➢ തിരുവനന്തപുരം, മലപ്പുറം എന്നീ ജില്ലകളിൽ പുതുതായി രണ്ട് വനിതാ ഹോസ്റ്റലുകൾ ആരംഭിച്ചു.<br>➢ സംസ്ഥാനത്തുടനീളം 10 ജില്ലകളിലായി 300 വിധവകൾക്ക് സംരംഭകത്വ വികസന പരിശീലനം നൽകി വരുന്നു. |
| (ബി) സംസ്ഥാനത്തെ മഹിളാ മന്ദിരങ്ങൾ, ഷെൽട്ടർ ഹോമുകൾ തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) മഹിളാ മന്ദിരത്തിലെ താമസക്കാർക്ക് മാനസിക-ശാരീരിക ആരോഗ്യത്തിന് യോഗ പരിശീലനത്തിനുള്ള പദ്ധതി ആവിഷ്കരിച്ചു വരുന്നു. കൂടാതെ മഹിളാ മന്ദിരത്തിലെ താമസക്കാർക്ക് തൊഴിൽ പരിശീലനം നൽകി വരുന്നുണ്ട്.<br><br>നിർഭയ സെല്ലിന്റെ മേൽനോട്ടത്തിലുള്ള നിർഭയ ഷെൽട്ടർ ഹോമിന്റെ അടിസ്ഥാന വികസനത്തിനായി കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ |

| | |
|---|---|
| | സ്വീകരിച്ചിട്ടുണ്ട്. നിർഭയ ഷെൽട്ടർ ഹോം ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി പരിശീലന പരിപാടി നടത്തിയിട്ടുണ്ട്. |
| (സി) വിധവകൾക്കും അവിവാഹിതരായ അമ്മമാർക്കും ഗാർഹിക പീഡനത്തിന് ഇരയായവർക്കും സ്വയം തൊഴിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) വിധവകളുടെയും അവിവാഹിതരായ അമ്മമാരുടെയും ശാക്തീകരണത്തിനായി Centre for Management Development മുഖേന സ്വയം തൊഴിൽ പരിശീലന പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിധവകളുടെ പുനരധിവാസത്തിനായി അവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഒറ്റത്തവണ ഗ്രാന്റായി ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി)നിർഭയ പദ്ധതി കൂടുതൽ ശാസ്ത്രീയമായി ജനകീയമാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) നിർഭയ പദ്ധതി കൂടുതൽ ശാസ്ത്രീയമാക്കുന്നതിനായി ഷെൽട്ടർ ഹോം താമസക്കാരുടെ മാനസികവും വികസനപരവുമായ വിവരം ശേഖരിച്ച് പഠനം നടത്തി അവരുടെ വ്യക്തിത്വ വികസനം ഉറപ്പു വരുത്തുന്നതരത്തിലുള്ള പദ്ധതി തയ്യാറാക്കുന്നതിനായി കേരള യൂണിവേഴ്സിറ്റി സൈക്കോളജി ഡിപ്പാർട്ട്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ